# ശ്രീ നാരായണ പഠന-ഗവേഷണ കേന്ദ്രം

നാരായണ ഗുരുദർശനത്തെ മുൻ നിർത്തി എസ്.എൻ.എം. കോളേജ്, മാല്യങ്കരയിൽ പ്രവർത്തിച്ചു വരുന്ന സംഘടനയാണ് ശ്രീ നാരായണ പഠന-ഗവേഷണ കേന്ദ്രം. 1996-ൽ ആരംഭിച്ച ഈ സംഘടനയുടെ ഉദ്ദ്യേശ്യ ലക്ഷ്യം വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയാണ്. അതിനായി സംഘടനയുടെ കീഴിൽ വിദ്യാർത്ഥികൾക്കായി മൂല്യാധിഷ്ഠിത സെമിനാറുകളും വിവിധ മത്സരങ്ങളും 2013 മുതൽ സർട്ടിഫിക്കറ്റ് കോഴ്സും നടത്തിവരുന്നു. നാരായണ ഗുരുദർശനവും ജീവിതവും കൃതികളും വിദ്യാർത്ഥികളിലേക്കും സമൂഹത്തിലേക്കും വ്യാപിപ്പിക്കുകയും അതിലൂടെ സാമൂഹിക ഉത്ഥാനം സാധ്യമാക്കുക എന്നതാണ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ലക്ഷ്യം. ഇത്തരത്തിലുള്ള ഒരു സംഘടന മറ്റു കോളേജുകളിലോ യൂണിവേഴ്സിറ്റികളിലോ ആരംഭിക്കുന്നതിനു മുന്നേ നാരായണ ഗുരുദർശനത്തിന്റെ കാലികപ്രസക്തി മനസ്സിലാക്കി കൊണ്ട് ദീർഘ വീക്ഷണത്തോടെ ആരംഭിച്ചതായിരുന്നു ഇത്. വൈജ്ഞാനികരംഗത്ത് സാധാരണക്കാരനെ കൂടി ഉൾപ്പെടുത്തുക എന്നതിലൂന്നി സാമൂഹിക ഉയർച്ച, വിദ്യാർത്ഥികളിലൂടെ സാധ്യമാക്കുക എന്ന ലക്ഷ്യത്തിനു വേണ്ടി സംഘടന നിലകൊള്ളുന്നു.

പ്രസ്തുത സംഘടനയുടെ ആരംഭ ഡയറക്ടർ പ്രമുഖ എഴുത്തുകാരിയും മലയാള വിഭാഗം അദ്ധ്യാപികയുമായിരുന്ന ഡോ.ഗീതാ ലക്ഷ്മിയുടെ നേതൃത്വത്തിൽ അന്നത്തെ കമ്മറ്റിയുടെയും കോളേജ് മാനേജ്മെന്റ് ബഹു. എച്ച്.എം.ഡി.പി സഭയുടെയും നിതാന്ത പരിശ്രമത്തിന്റെ ഫലമായി എസ്.എൻ.എം.കോളേജിന്റെ മുഖമായി മാറിയ ഗുരു മണ്ഡപം സ്ഥാപിക്കപ്പെട്ടു. ടാഗോർ സ്ഥാപിച്ച വിശ്വഭാരതി സർവ്വകലാശാലയിൽ പ്രമുഖ ചിത്രകാരനായ രാം കിങ്കറിന്റെ ശിഷ്യനും നാരായണഗുരുശില്പിയുമായ ശ്രീ ഹരിഹരൻ ആണ് മണ്ഡപത്തിലെ ഗുരുശില്പം നിർമ്മിച്ചത്. ഗുരുവിന്റെ രൂപ -ഭാവങ്ങൾക്ക് ഒരേ പോലെ പ്രാധാന്യം നല്കി കൊണ്ട് നിർമ്മിച്ച ശില്പവും മണ്ഡപവും നാരായണ

ദർശനത്തിന്റെ ആഴത്തിലേക്കുള്ള ചൂണ്ടുപലകയാണ്. കോളേജിലെ മലയാള വിഭാഗത്തിലെ അദ്ധ്യാപകരും വിവിധ ഡിപ്പാർട്ടുമെന്റുകളിലെ തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകരും അംഗങ്ങളായ കമ്മറ്റിയാണ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ടു മുന്നോട്ടു നയിക്കുന്നത്. നിലവിൽ,കോളേജ് പ്രിൻസിപ്പാൾ -ഇൻ -ചാർജ്ജും കേന്ദ്രത്തിന്റെ പ്രസിഡന്റുമായ ഡോ.ടി.എച്ച്.ജിതയുടെയും സെക്രട്ടറി ശ്രീമതി വിജി. എം.പിയുടെയും നേതൃത്വത്തിലുള്ള കമ്മറ്റിയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

എച്ച്.എം.ഡി.പി. സഭയുടെ നേതൃത്വത്തിൽ നടക്കുന്ന ശ്രീ നാരായണ ജയന്തി ആഘോഷത്തിന്റെ ഭാഗമായി, നാരായണ ഗുരുദർശനം,കൃതി,ജീവിതം എന്നിവയെ മുൻ നിർത്തിയുള്ള വിവിധ മത്സരങ്ങളുടെ നേതൃത്വം നല്കുന്നത് ശ്രീ നാരായണ പഠന-ഗവേഷണ കേന്ദ്രമാണ്. എച്ച് എം.ഡി.പി.സഭയുടെ കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായി നടത്തുന്ന ഈ മത്സരങ്ങൾ കേന്ദ്രത്തിന്റെ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതാണ്. സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഭാഗമായി നടത്തുന്ന വിവിധ സെമിനാറുകളിൽ വിദ്യാർത്ഥികളെ കൂടാതെ താല്പര്യമുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും പങ്കെടുത്തു വരുന്നു. എല്ലാവർഷവും അഡ്മിഷൻ പൂർത്തീകരിച്ചതിനു ശേഷം സമൂഹത്തിലെ വിവിധ തുറകളിലെ പ്രമുഖരാണ് പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കുന്നത്. എസ്.എൻ.എം. കോളേജിന്റെ നേതൃത്വത്തിൽ സാമൂഹിക പ്രതിബദ്ധതയെ മുൻ നിർത്തി കൊണ്ട് പ്രവർത്തിക്കുന്ന സംഘടനയായി അഭിമാനത്തോടെ നിലനില്ക്കുകയാണ് ശ്രീ നാരായണ പഠന-ഗവേഷണകേന്ദ്രം.

ദർശനം

നാരായണ ഗുരുവിന്റെ ദർശനം വിദ്യാർത്ഥികളിലേക്കും സമൂഹത്തിലേക്കും പകർന്നു നല്കി കൊണ്ട് ആത്മീയ ഉണർവ്വും ജ്ഞാനപ്രകാശനവും പ്രസരിപ്പിച്ച് വ്യക്തികളെ മൂല്യവത്തായ ജീവിതം

നയിക്കുവാൻ പ്രേരിപ്പിക്കുക. അതിലൂടെ സമാധാനവും ശാന്തിയും നിറഞ്ഞ സമൂഹവും രാജ്യവും ലോകവും സൃഷ്ടിക്കുക.

ലക്ഷ്യങ്ങൾ

1. നാരായണഗുരുദർശനം, കൃതികൾ, ജീവചരിത്രം എന്നിവ വിദ്യാർത്ഥികളിലേക്കും അതുവഴി സമൂഹത്തിലേക്കും പകർത്തുക

2. മൂല്യവത്തായ ജീവിതം നയിക്കുവാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക

3. ആദ്ധ്യാത്മിക മൂല്യബോധം,പ്രയോഗിക പരിചയത്തിലൂടെ സാമൂഹിക ഉന്നമനത്തിനായി വിനിയോഗിക്കുക.